Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 3 | 2018 ജനുവരി 21 | 1193 മകരം 7

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

“പൂർവികർ ആരാധിച്ചുപോയിരിക്കുന്ന നല്ലതും കെട്ടതും പിന്നെ ദേവനും പിതൃവും ഋഷിയും സന്ന്യാസിയും എന്താണെന്നു കാണിച്ചുകൊടുക്കുന്ന ധർമ്മവിശേഷമാണ് ശാന്തിഗിരിയിൽ നടക്കുന്ന ഗുരുപൂജ. ”

# പൂജിതപീഠം സമർപ്പണം: പുഷ്പസമർപ്പണത്തിനും പ്രാർത്ഥനയ്ക്കുമായി ഗുരുഭക്തർ

**സ്പിരിച്വൽ സോൺ:** പൂജിതപീഠം സമർപ്പണം ആഘോഷങ്ങളുടെ വ്രതസങ്കല്പങ്ങൾ ആരംഭിച്ചതോടെ കേന്ദ്രാശ്രമത്തിലും വിവിധ ബ്രാഞ്ചാശ്രമങ്ങളിലും രാവിലെ പ്രാർത്ഥനയ്ക്കും പുഷ്പസമർപ്പണത്തിനും ആത്മബന്ധുക്കളുടെ വലിയ തിരക്ക്. നൂറുകണക്കിന് ആത്മബന്ധുക്കളാണ് രാവിലെ പുഷ്പം സമർപ്പിച്ച് പ്രാർത്ഥിക്കുന്നതിന് ആശ്രമത്തിലെത്തുന്നത്. ആറു മണിയുടെ ആരാധനയ്ക്ക് ശേഷമാണ് പുഷ്പസമർപ്പണം. സന്ന്യാസിസന്ന്യാസിനിമാരും ബ്രഹ്മചാരി ബ്രഹ്മചാരിണിമാരും പർണശാലയിലും പുരുഷന്മാർ പ്രാർത്ഥനാലയത്തിലും സ്ത്രീകൾ സഹകരണമന്ദിരത്തിലുമാണ് പുഷ്പസമർപ്പണം നടത്തുന്നത്. തുടർന്ന് വലംവച്ചു പ്രാർത്ഥനയും ഉണ്ട്. സന്ന്യാസിമാരാണ് സ്പിരിച്വൽ സോണിലെ വലംവച്ചുള്ള പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കുന്നത്.

ഗുരുശിഷ്യബന്ധത്തിന്റെ മഹനീയത വിളംബരം ചെയ്യുന്ന പൂജിതപീഠം സമർപ്പണത്തിനു മുന്നോടിയായുള്ള വ്രതസങ്കല്പങ്ങളിൽ പങ്കെടുത്ത് ധന്യത നേടുന്നതിന് എത്തുന്ന ഗുരുഭക്തരുടെ എണ്ണം ഓരോ ദിവസവും വർദ്ധിച്ചുവരികയാണ്. ജന്മാർജ്ജിതമായി പേറുന്ന നല്ലതും ചീത്തയും നന്മയും കെട്ടതുമൊക്കെ ഗുരുവിങ്കൽ സമർപ്പിക്കുന്ന ആത്മകർമ്മമാണിത്. ആത്മജ്ഞാനിയായ ഗുരു തന്റെ ശിഷ്യന്റെ ജീവന്റെ പോരായ്മകൾ കണ്ടറിഞ്ഞ് തിരുത്തിയെടുക്കുന്നു. അവന്റെ ജീവനിലെ പോരായ്മകൾ എല്ലാം ഗുരു ഏറ്റെടുക്കുന്നു.

സർവ്വപീഢകളിൽ നിന്നും മോചനപ്പെട്ട് ഐശ്വര്യം പ്രാപിക്കാൻ പൂജിതപീഠം സമർപ്പണം വഴിയൊരുക്കുന്നു. വ്യക്തിയുടെയും കുടുംബത്തിന്റെയും രാജ്യത്തിന്റെയും അതിരുകൾ കടന്ന് ലോകത്തിന്റെ ദുരിതനിവാരണത്തിന് അസുലഭാവസരം ഇതിലൂടെ സംജാതമായിരിക്കുന്നു.

ഗുരുസന്നിധിയിലെത്തിയവരെല്ലാം ഗുരുവിന്റെ ശിഷ്യരാണ്. എന്നാൽ യോഗ്യതപ്പെട്ട ശിഷ്യനു മാത്രമെ ഗുരുവിനെ ലോകത്തിന് ബോധ്യപ്പെടുത്തിക്കൊടുക്കാനാവൂ. അനുഭവശാലിയായ ഒരു ശിഷ്യനിലൂടെ അല്ലെങ്കിൽ ശിഷ്യയിലൂടെ ലോകം ഗുരുവിനെ അറിയുന്നു. ഗുരുവിന്റെ ത്യാഗനിർഭരമായ ജീവിതമഹിമകൾ ശിഷ്യനിലൂടെ ലോകം വാക്കായി, വഴിയായി, ജീവിതസാന്ത്വനമായി സ്വീകരിക്കുന്നു.

ചരിത്രത്തിലിന്നോളം ഒരു ഗുരുപരമ്പരയിലും കാണാനാവാത്ത ഗുരുശിഷ്യപാരസ്പര്യത്തിന്റെ സമാനതകളില്ലാത്ത പങ്കുവയ്ക്കലും ജ്ഞാനാവസ്ഥയുടെ യഥാതഥമായ പ്രതീകവത്കരണവുമാണ് പൂജിതപീഠം സമർപ്പണം. പൂർണ്ണജ്ഞാനിയായ ഒരു ശിഷ്യനാൽ മാത്രം സാധിക്കുന്നതും പൂർത്തീകരിക്കാനാവുന്നതുമായ കർമ്മമാണിത്. ഗുരുകാരുണ്യം ലോകമക്കൾക്ക് പ്രദാനം ചെയ്യുന്ന പുണ്യദിനം കൂടിയാണ് പൂജിതപീഠം സമർപ്പണം.

## പൂജിതപീഠം സമർപ്പണം സങ്കല്പം

**അഭിവന്ദ്യ ശിഷ്യപൂജിത അറിയിച്ചത്**

ദൈവമേ, ഗുരുവേ അപ്പാ,
എന്റെയീ ദോഷവും
എന്റെ വീടോടെയുള്ള ദോഷവും മാറി
എന്റെ കർമ്മത്തിലുള്ള ദോഷവും മാറി
എന്താണോ എനിക്ക് കിട്ടേണ്ടത് കിട്ടണമേ
ഗുരുവേ അപ്പാ ദൈവമേ പരബ്രഹ്മമേ.

# 'ശാന്തിഗിരി വാസശ്രീ' ഭവനപദ്ധതി : പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ആശ്രമം നടപ്പിലാക്കുന്ന ‘വാസശ്രീ’ ഭവന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. വാസശ്രീപദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ച 51 അംഗ കമ്മിറ്റി പ്രവർത്തനമാരംഭിച്ചു. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ഫിനാൻസ് സെക്രട്ടറി ജനനി നിർമല ജ്ഞാനതപസ്വിനി, ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, ഡയറക്ടർ (കോഡിനേഷൻ) ജനനി ഋഷിരത്ന ജ്ഞാനതപസ്വിനി എന്നിവർ മുഖ്യരക്ഷാധികാരികളായിട്ടാണ് 51 അംഗ കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. സ്വാമി നവകൃപ ജ്ഞാനതപസ്വി, സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി, ജനനി സുപഥ ജ്ഞാനതപസ്വിനി എന്നിവർ രക്ഷാധികാരികളും ജനനി ദിവ്യ ജ്ഞാനതപസ്വിനി ചെയർപേഴ്സണുമാണ്. സ്വാമി ജനനന്മ ജ്ഞാനതപസ്വി, സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി, സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി, ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി, ജനനി കൃപ ജ്ഞാനതപസ്വിനി, ജനനി പ്രമീള ജ്ഞാനതപസ്വിനി എന്നിവർ അംഗങ്ങളുമാണ്. എക്സിക്യൂട്ടീവുകളായി ആശ്രമം അഡ്വൈസറി കമ്മിറ്റിചുമതലക്കാർ ഉൾപ്പെടെ 33 പേരടങ്ങുന്ന സമിതിയുമുണ്ട്.

വാസശ്രീ പ്രവർത്തനങ്ങൾക്കായി എച്ച്.ആർ. ഡിപ്പാർട്ട്മെന്റിനു കീഴിൽ പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നതാണ്. പി.ഡി. സീതാദേവി (ഡെപ്യൂട്ടി ജനറൽ കൺവീനർ, ശാന്തിഗിരി വാസശ്രീ പ്രോജക്റ്റ്സ്), പി. പുഷ്പരാജൻ (അസിസ്റ്റന്റ് ജനറൽ മാനേജർ, ശാന്തിഗിരി വാസശ്രീ പ്രോജകറ്റ്സ്) എന്നിവർക്കാണ് ചുമതല.

ശാന്തിഗിരി വാസശ്രീ എക്സിക്യൂഷൻ കമ്മിറ്റിയുടെ പ്രഥമയോഗം ജനുവരി 18 വ്യാഴാഴ്ച രാവിലെ 10 മണിക്ക് സ്പിരിച്വൽ സോൺ കോൺഫറൻസ് ഹാൾ അനക്സിൽ വച്ച് നടന്നു. ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു.

ഇതുവരെയും സ്വന്തമായി ഭവനമില്ലാത്ത, ആദ്യകാലം മുതലേ ആശ്രമത്തിൽ സേവനം ചെയ്യുന്ന ആത്മബന്ധുക്കൾക്ക് ആശ്രമം ഭവനം നിർമ്മിച്ചു നല്കുന്ന പദ്ധതിയാണ് വാസശ്രീ എന്ന് സ്വാമി പറഞ്ഞു. മൊത്തം ചെലവിന്റെ പകുതി ഗുണഭോക്താവ് വഹിക്കണം. ബാക്കിതുക ആശ്രമം നല്കും. സർക്കാർ, സന്നദ്ധ സംഘടനകൾ, അഭ്യുദയകാംക്ഷികൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2020ൽ വാസയോഗ്യമാക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആശ്രമത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തണമെന്നും സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നിർദ്ദേശിച്ചു.

# ശാന്തിഗിരി കുടുംബയോഗങ്ങൾ ആരംഭിക്കുന്നു

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി പരമ്പരയിലെ ആത്മബന്ധുക്കളുടെ കൂട്ടായ്മയും ഐക്യവും ലക്ഷ്യമിടുന്ന കുടുംബയോഗങ്ങൾക്ക് ജനുവരി 23 മുതൽ തുടക്കമാകും. പൂജിതപീഠം സമർപ്പണത്തോടനുബന്ധിച്ച് ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിലാണ് കുടുംബയോഗങ്ങൾ സംഘടിപ്പിക്കുന്നത്. ഗൃഹസ്ഥാശ്രമസംഘത്തിന്റെ വിവിധ യൂണിറ്റുകളിലെ കുടുംബാംഗങ്ങളെയും വിവിധ ജില്ലകളിലും മറ്റ് പ്രദേശങ്ങളിലും താമസിക്കുന്ന അവരുടെ ബന്ധുക്കളായ ഗുരുഭക്തരെയും ഒരുമിച്ചുചേർത്താണ് കുടുംബയോഗങ്ങൾ നടത്തുന്നത്. വിവിധ ഗോത്രങ്ങളിലും സംസ്കാരങ്ങളിലുള്ളവരുമെല്ലാം ഗുരുവിൽ ഒരുമിപ്പിച്ചു ചേർന്നാണ് ശാന്തിഗിരി പരമ്പര രൂപം കൊണ്ടിരിക്കുന്നത്. വർഷങ്ങൾക്ക് മുമ്പ് ഒന്നോ രണ്ടോ പേർ മാത്രമായി ആശ്രമത്തിൽ എത്തിയ പലരും മക്കളും കൊച്ചുമക്കളുമൊക്കെയായി ഇന്ന് വലിയ കൂട്ടുകുടുംബങ്ങളായി വളർന്നിരിക്കുന്നു. വിവിധ ജില്ലകളിലും സംസ്ഥാനത്തിനു പുറത്തും വിദേശത്തുമൊക്കെയായി കഴിയുന്ന ഇവരിൽ പലരെയും ആശ്രമത്തിലെ ആഘോഷ ദിവസങ്ങളിലാണ് ബന്ധുക്കൾക്ക് കാണാനാവുക. ഇവരെയെല്ലാം ഒരുവേദിയിൽ ഒരുമിച്ചു ചേർക്കുക എന്ന ഉദ്ദേശ്യവും ഈ കൂട്ടായ്മയ്ക്കുണ്ട്. മുൻകൂട്ടി നിശ്ചയിച്ച ദിവസങ്ങളിൽ ആശ്രമത്തിൽ വച്ചാണ് കുടുംബയോഗങ്ങൾ നടക്കുക. കുടുംബയോഗങ്ങളിൽ ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി സംബന്ധിക്കുന്നതാണ്.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

# ഗുരുവാണി

ഗുരുവാരെന്നും ശിഷ്യനാരെന്നും പ്രജയാരെന്നും ഭരണകർത്താവാരെന്നും വേർതിരിച്ചറിയുന്ന കർമയോഗമുണ്ട്. ആ കർമയോഗത്തിൽ നിന്നുകൊണ്ട് സമഷ്ടിയെ കണ്ടില്ലെങ്കിൽ പാശ്ചാത്യന്റെ സമഷ്ടിപോലെ കീഴ്ഴിഞ്ഞ് വീണ്, വികൃതിയുടെ കോലംതുള്ളലിൽ അത് ജനത്തെയും അവനെത്തന്നെയും നശിപ്പിക്കുന്ന പാതയിലേക്കു പോകും. ഇന്ന് അവരതിലെത്തി നിൽക്കുകയാണ്. അതു കണ്ട് നമ്മളും അങ്ങോട്ടു ചാടുന്നു. നായ്ക്കാഷ്ടം പട്ടിൽ പൊതിഞ്ഞുവച്ചിട്ട് 'അമൃതകുംഭം' എന്ന് എഴുതിവെക്കുന്നതുപോലെയാണ് ഇന്ന് നമ്മൾ. നമ്മുടെ ഉള്ളിലിരിക്കുന്നത് വികൃതിയുടെ വിളയാട്ടവും വികൃതന്റെ കോലംതുള്ളലുമാണ്. എന്നാൽ നമ്മുടെയുള്ളിൽ രത്നക്കട്ടിയും അതിന്റെ ഉള്ളിൽ അമൃതകുംഭവുമാണ് ഉള്ളതെന്ന് കണ്ടാൽ അതിലാരും നായ്ക്കാഷ്ടം കൊണ്ടിടുകയില്ല. പക്ഷെ നമ്മുടെയുള്ളിൽ പട്ടിൽ പൊതിഞ്ഞ നായ്ക്കാഷ്ടത്തിനു പകരം ആ രത്നക്കട്ടിയും അമൃതകുംഭവും തന്നെയുണ്ടായിരിക്കണം.

ഇതിന് നിങ്ങൾ ശീലിച്ചെടുക്കുന്നതാണ് കർമം. ആ കർമമനുഷ്ഠിച്ച ജീവിതംകൊണ്ട് ധന്യമായിരിക്കുന്ന ഒരു ധന്യന്റെ പിന്നാലെ പോകുന്നതും സമഷ്ടിവാദം ദൃഢീകരിച്ച് ആ വികൃതം തുള്ളിയവന്റെ പിന്നാലെ പോകുന്നതും തമ്മിലുള്ള അന്തരം കണ്ടോ! ആ വികൃതസ്വഭാവത്തിൽ വളർന്ന ഒരു ശരീരത്തിനോ കർമത്തിനോ ഇവിടെ യാതൊന്നും നേടാൻ കഴിയില്ല. യാതൊന്നും കണ്ടെത്താനും കഴിയില്ല. കണ്ടെത്തിയതിനെ നശിപ്പിച്ച് വികൃതിയുടെ പരമ്പരയാക്കി മാറ്റി നാശത്തെ വിതച്ചുംകൊണ്ടേ ഇവർ ഇവിടെനിന്നും പോകൂ. ഇതിനെ കാണാനുള്ള മാതാവും അത് കണ്ട് ഒതുക്കി പ്രവർത്തിക്കാനുള്ള പിതാവുമാണ് ഇവിടെ ആവശ്യം. ഇതിന് നിങ്ങൾ ഓരോരുത്തരും ഒരു പുതിയ ജീവിതം തുടങ്ങാൻ തയ്യാറാകണം. ആ ജീവിതപ്പാതയിൽ നന്മ മാത്രം ഉൾക്കൊണ്ട് ചീത്തയെ നിഷ്കാസനം ചെയ്ത്, ആ സ്ഥാനത്തേയ്ക്ക് വീണ്ടും കുതിച്ചുകയറുന്ന സൃഷ്ടിപരമായ ജീവിതത്തെ ദാനം ചെയ്തു കൊണ്ടുപോകുന്ന കർമയോഗിയാണ് ഇവിടെ ആവശ്യം. ഇതിനെ നിങ്ങൾ വിലയും നിലയും കൊടുത്ത്, നിങ്ങളുടെ കർമത്തിൽ പുഷ്ടി വരുത്തി, യോഗ്യത നേടി, ഉള്ളിൽ എണ്ണ കലർന്നതുപോലെ 'സമഷ്ടി'യാക്കി വച്ചിട്ടല്ലാതെ മാറരുത്. അങ്ങനെയുള്ള ഒരു ജീവിതത്തിനുവേണം നിങ്ങൾ തുടക്കം കുറിക്കാൻ. ആ ജീവിതത്തിന്റെ ആദിമൂല്യമായിരിക്കുന്നതും അവസാനമൂല്യമായിരിക്കുന്നതും ജീവിതത്തിൽ പകർത്തി ഒതുക്കി, ഓരോ എള്ളിലും നിറഞ്ഞിരിക്കുന്ന എണ്ണപോലെ അത് സ്വഭാവശുദ്ധിയിൽ കലർത്തി ഭാഗ്യത്തിലെത്തിച്ചുനിർത്തുന്ന ജീവിതംകൊണ്ടല്ലാതെ നിങ്ങൾക്കിതു നേടാൻ കഴിയില്ല. അതിനുവേണ്ടിയുള്ളതാവണം നിങ്ങളുടെ കർമം.

ഇത് മനസ്സിലാക്കി ജീവിതത്തെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ ധർമം പൂർത്തിയാക്കി കർമനിവൃത്തി വരുത്തി നാശത്തിന്റെ ഉന്മൂലനാശം വരുത്താൻ നമുക്ക് കഴിയണം. അതിന് ദൈവം നമുക്ക് ബുദ്ധിയും അനുയോജ്യമായ പ്രകൃതിയും തന്നിട്ടുണ്ട്. എല്ലാ ആരോഗ്യസ്ഥിതിയിലുമുള്ള കർമമാർഗങ്ങളും നമുക്ക് തന്നിട്ടുണ്ട്. വസ്ത്രവും ആഹാരവുമില്ലാതെ, അവ എങ്ങനെ ഉപയോഗിക്കണമെന്നറിയാതെ ഇരുന്ന കാലം മാറി; ഇന്ന് ആഹാരവും വസ്ത്രവും എങ്ങനെ പരിഷ്കരിച്ച് ഉപയോഗിക്കണമെന്നും നാം ജീവിതം എങ്ങനെ നയിക്കണമെന്നും മനസ്സിലാക്കിത്തന്നിട്ട് നമ്മുടെ ബുദ്ധി ആത്മചിന്തയിലേയ്ക്കു തിരിച്ചുവിട്ട് ജീവന്റെ മുക്തിക്ക് അവകാശപ്പെടുത്തി നിർത്തുന്ന പാതയിലേക്കാണ് ദൈവം നമ്മെ നയിക്കുന്നത്. അപ്പോൾ അതിന് ശിക്ഷയും രക്ഷയും ഒരുപോലെ ഒരു തലത്തിൽ നിന്നും വരും. അതിനെ നായാട്ടായിട്ട് കണക്കാക്കിയാൽ കാര്യം നടക്കുകയില്ല. ആ ശിക്ഷ ഏറ്റുകൊണ്ട് മറ്റൊരു അമൃതസഫലമായ കർമത്തെ ഞാനുൾക്കൊള്ളുകയാണെന്ന് മനസ്സിലാക്കാൻ കഴിയാത്ത ഒരു കർമിക്കും ഇവിടെ നേടിയെടുക്കാൻ കഴിയില്ല. ഇത് നിങ്ങൾ മനസ്സിലാക്കാതെ 'ഞാൻ ഈ കർമംകൊണ്ട് എല്ലാം പൂർത്തിയാക്കിക്കളയുമെന്ന്' പറയുന്നതിൽ ഒരർത്ഥവുമില്ല.

### വചനദീപ്തി

**"നമുക്കിടയിൽ നീതിമാനായ ദൈവം വിധികർത്താവാകട്ടെ."**

**ബൈബിൾ**

### സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

2018 ജനുവരി 25 -ശാന്തിപുരം,രത്നഗിരി,ജനുവരി 26-ആനന്ദപുരം

### യാമപ്രാർത്ഥന

2018 ജനുവരി 25 വ്യാഴം

## പ്രകാശപദം

# ആത്മസുകൃതം എന്നുപറയുന്നത്

നമ്മൾ പ്രാർത്ഥന ചെയ്ത് ഫലിപ്പിച്ച് നമ്മുടെ ജീവനിൽ ത്യാഗവും പുണ്യവും നിറയ്ക്കാനുള്ള ഒരു ഫലമുണ്ടാക്കിയെടുക്കണം. അത് നമ്മുടെ ജീവിതകാലം മുഴുവനും ഉതകുന്നതായിത്തീരുകയും വേണം. അതാണ് ആത്മസുകൃതം എന്നു പറയുന്നത്. ആ വഴിയിലേക്ക് നിങ്ങൾ സഞ്ചരിച്ചുപോകണം. പ്രാർത്ഥനയെ സംബന്ധിച്ച് പറയുകയാണെങ്കിൽ നേരത്തെ നമ്മൾ ചെയ്തിരുന്ന ഒരു കാര്യം മറക്കാൻ കഴിയില്ല. കാരണം '73 തൊട്ടുതന്നെ ആ പ്രകാശത്തിൽ നിന്ന് അറിയിപ്പ് കിട്ടി: 'ഇന്നതുപോലെ ചെയ്യണം, ഇത്ര ദിവസം പ്രാർത്ഥിക്കണം' എന്നൊക്കെ. ആറുമാസം, 90 ദിവസം, 60 ദിവസം, 21 ദിവസം, 11 ദിവസം, മൂന്ന് ദിവസം എന്നിങ്ങനെ നമുക്ക് അറിയിപ്പ് കിട്ടിയിട്ടുണ്ട്. നമ്മൾ അതേപോലെ ചെയ്യുകയും അത് ചെയ്തുഫലിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇങ്ങനെ പ്രാർത്ഥനയുടെ കാര്യത്തിൽ നിങ്ങൾ ഒന്നുകൂടി ഊർജ്ജസ്വലരായിട്ട് കൊച്ചുകുട്ടികളും അമ്മ, അച്ഛൻ ഉൾപ്പെടെ എല്ലാവരും ഒരുപോലെ ഒത്തൊരുമയോടുകൂടി എല്ലാക്കാര്യങ്ങളും ഗുരുവിന്റെ ഇച്ഛയ്ക്കൊത്തുതന്നെ ചെയ്യാൻ ശ്രമിക്കുകയും അതിൽ പ്രാപ്തരാവുകയും വേണം. ആ സമ്പത്ത് നാടിനും ലോകത്തിനും ഉതകണം.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ദൈവത്തിന്റെ നിയമപുസ്തകം

ലോകത്ത് നിലവിലിരിക്കുന്നത് ലോ ഓഫ് ജസ്റ്റിസ് ആണ്. ഇതിനെ നീതിയുടെ നിയമം എന്നോ ന്യായത്തിന്റെ നിയമം എന്നോ പറയാം. ബുദ്ധിയിൽ ധർമ്മമെന്നു തോന്നുന്നതും പഴക്കംകൊണ്ട് ഉറപ്പിച്ചതുമായ കാര്യങ്ങൾ നിയമമായി അംഗീകരിച്ച് രേഖപ്പെടുത്തുന്നു. എഴുതി സ്ഥാപിച്ച നിയമത്തിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് തെളിവുകളുടെ അടിസ്ഥാനത്തിൽ ന്യായാധിപന്റെ മനോധർമ്മം അനുസരിച്ച് തീർപ്പുകൾ പുറപ്പെടുവിക്കുന്നു.

മറ്റൊരു നിയമം ഉണ്ട്. ആ നിയമം ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതാണ്. അത് ആരും ബുദ്ധിയിൽ എഴുതി ഉണ്ടാക്കിയതല്ല. അതത്രെ ലോ ഓഫ് ഗോഡ് ദൈവത്തിന്റെ നിയമം. ആ നിയമം വിശദീകരിക്കാനോ വിശകലനം ചെയ്യാനോ വ്യാഖ്യാനിക്കാനോ ആരും പ്രാപ്തരല്ല തന്നെ.

വർഷങ്ങൾക്കു മുമ്പ് കോരാണി ഭാഗത്തുനിന്ന് ഒരു ഹോമിയോ ഡോക്ടർ ഗുരുവിന്റെ ശിഷ്യനായി ഉണ്ടായിരുന്നു. ഇദ്ദേഹം ഗുരു പോത്തൻകോട്ട് സ്ഥിരമായി വസിക്കാൻ തുടങ്ങുന്ന കാലത്തിനു മുമ്പെ ഗുരുസവിധം വന്ന ആളാണ്. മാസത്തിൽ പലതവണ ഡോക്ടർ ആശ്രമത്തിൽ വരും. ഉറപ്പുള്ള വിശ്വാസി. കുടുംബജീവിതത്തിൽ അലോഹ്യം മൂർച്ഛിച്ചു ഭാര്യ പിണങ്ങിപ്പോയി. കാരണം ഡോക്ടർ ആശ്രമത്തിൽ വരുന്നു എന്നുള്ളതു തന്നെ. അദ്ദേഹം എല്ലാം സഹിച്ച് ആശ്രമത്തിൽ വരും.

ആശ്രമത്തിന് അന്ന് ഒരു ഓഫീസേയുള്ളൂ. പണം സ്വീകരിക്കുന്നതും ഓരോ ചെലവിനു കൊടുക്കുന്നതും അവിടെ നിന്നുതന്നെ. അയ്യായിരം രൂപയുമായി വന്ന ഡോക്ടർ ഗുരുവിനോട് സ്കൂട്ടർ വാങ്ങാനുള്ള ആഗ്രഹം അറിയിച്ചു.'ആ രൂപ കൗണ്ടറിൽ കൊടുത്തേക്ക്. ഇപ്പോൾ സ്കൂട്ടർ വാങ്ങണ്ട' എന്ന് ഗുരു നിർദേശിച്ചു. ഇന്നും അന്നും മനുഷ്യബുദ്ധി എങ്ങനെ ചിന്തിക്കും? ഗുരുവിന് പണത്തിനെന്തോ അത്യാവശ്യമുണ്ട്. അതാണ് പൈസ കൗണ്ടറിൽ കൊടുക്കാൻ പറഞ്ഞത്. എന്തായാലും കൊടുത്തേയ്ക്കാം. കാരണം പറഞ്ഞത് ഗുരുവല്ലേ. ഡോക്ടർ പണം കൗണ്ടറിൽ ഏല്പിച്ചു. ഗുരു കൗണ്ടറിൽ ഇരിക്കുന്ന ആളിനെ വിളിച്ചുപറഞ്ഞു, 'ആ ഡോക്ടർ വന്ന് പണം തിരിച്ചുചോദിച്ചാൽ ഞാനറിയാതെ കൊടുക്കരുത്.' ഡോക്ടർ ഏറെ നാൾ കഴിയുന്നതിനു മുമ്പെ പണം തിരികെ ചോദിച്ചു. കൗണ്ടറിൽ ഇരുന്നയാൾ പൈസയ്ക്കു മുട്ടാണെന്നു പറഞ്ഞ് മാറ്റിവച്ചു കൊണ്ടിരുന്നു. മാസങ്ങൾ കടന്നുപോയിക്കൊണ്ടിരുന്നു. ഡോക്ടർക്ക് ദേഷ്യം വന്നുതുടങ്ങി. പലതവണയായപ്പോൾ ഉചിതമല്ലാത്ത വാക്കുകൾ പ്രയോഗിക്കാൻ തുടങ്ങി. കൗണ്ടറിലിരുന്നയാളിന് മനോവിഷമമുണ്ടായി. വിവരം ഗുരുവിനെ ധരിപ്പിച്ചു. 'എന്നാൽ ആ പണം കൊടുത്തേയ്ക്ക്' എന്ന് ഗുരു അനുവാദം കൊടുത്തു. ഡോക്ടർ പണവുമായി പോയി ഒരു സ്കൂട്ടർ വാങ്ങി. ഒരു ദിവസം അദ്ദേഹം ഓടിച്ചിരുന്ന സ്കൂട്ടർ അപകടത്തിൽപ്പെട്ടു. അതിനുശേഷം ഗുരുവിനെ വന്നു കണ്ട അദ്ദേഹത്തോട് ഗുരു പറഞ്ഞു, 'സ്കൂട്ടർ ഓടിക്കാനുള്ള നിന്റെ കൊതി തീർന്നല്ലോ. ഇനി നീ സ്കൂട്ടർ ഓടിക്കരുത്.' ഗുരു ഇങ്ങനെ പറഞ്ഞ കാര്യം ഡോക്ടർ ക്ലിനിക്കിനു ചുറ്റുമുള്ള സുഹൃത്തുക്കളോടെല്ലാം പറഞ്ഞു. എന്നിട്ട് സ്കൂട്ടർ മൂടിക്കെട്ടി ക്ലിനിക്കിന്റെ വരാന്തയിൽ കയറ്റിവച്ചു.

എന്തായാലും ഡോക്ടർ ഗുരുവാക്കിനെ മാനിച്ച് സ്കൂട്ടർ സവാരി നിർത്തി. ഒരു പൗർണമിനാൾ രോഗികളെയൊക്കെ പരിശോധിച്ചു കഴിഞ്ഞ് പെട്ടെന്ന് ആശ്രമത്തിലെത്താൻ തിടുക്കമായി ഡോക്ടർക്ക്. മൂടിക്കെട്ടി വച്ചിരുന്ന സ്കൂട്ടർ വെളിയിലിറക്കി. ചവുട്ടി സ്റ്റാർട്ടാക്കി ആശ്രമത്തിൽ വന്നു, ഗുരുവിനെ കണ്ടു. ഗുരു ഡോക്ടറോടു പറഞ്ഞു,' നീ എന്നെ കണ്ടിട്ടേ തിരിച്ചുപോകാവൂ'. അദ്ദേഹം പ്രാർത്ഥിക്കാൻ പോയി. ആരാധന എല്ലാം കഴിഞ്ഞ് തിരികെ പോകാൻ അനുവാദം വാങ്ങിക്കാനായി ഗുരുസന്നിധിയിലേക്കു വരുമ്പോൾ ഗുരു ഒരമ്മയോട് എന്തോ സംസാരിച്ചുകൊണ്ടു നില്ക്കുന്നു. ഡോക്ടർ അല്പം ദൂരെ കാത്തുനിന്നു. ഗുരുവിനോട് സംസാരിക്കുന്ന അമ്മ ഡോക്ടറെ കണ്ടപ്പോൾ വിവരം ധരിപ്പിച്ചു. ഗുരു അതു ശ്രദ്ധിക്കാതെ അമ്മയോട് പല കാര്യങ്ങളും സംസാരിക്കുകയാണ്. സമയം പൊയ്ക്കൊണ്ടിരുന്നു. അമ്മ ധൈര്യം സംഭരിച്ച് പറഞ്ഞു, 'ഗുരുവെ ഡോക്ടർ വളരെ നേരമായി കാത്തുനില്ക്കുന്നു'

'അവൻ കാത്തുനില്ക്കട്ടെ' എന്നു പറഞ്ഞിട്ട് വീണ്ടും ഗുരു പലകാര്യങ്ങളും അമ്മയോട് സംസാരിച്ചുകൊണ്ടിരുന്നു.

കുറച്ചുകൂടെ സമയം കഴിഞ്ഞ് ഗുരു ഒരാളിനെ വിളിച്ച് ഡോക്ടറെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു. കുറച്ചുസമയം കഴിഞ്ഞ് അന്വേഷിച്ചുപോയ ആൾ വന്നു പറഞ്ഞു, 'ഡോക്ടറെ ഇവിടെയെങ്ങും കാണുന്നില്ല ഗുരുവേ, പോയെന്നാണു തോന്നത് '

'ഡോക്ടർ പോയതുതന്നെ', ഗുരു ആത്മഗതമായി പറഞ്ഞു. തിരിച്ചുള്ള ആ യാത്രയിൽ സ്കൂട്ടർ അപകടത്തിൽപ്പെട്ട് ഡോക്ടർ മരിച്ചു. അദ്ദേഹത്തിനു നില്ക്കുന്ന ദോഷസമയം കടന്നുപോകുവാൻ വേണ്ടിയായിരുന്നല്ലോ മന:പൂർവ്വം ഗുരു അമ്മയോട് സംസാരിച്ചതെന്ന് ആ അമ്മ ഒരിക്കൽ നിറകണ്ണുകളോടെ പറഞ്ഞു.

ദൈവത്തിന്റെ നിയമപുസ്തകത്തിന്റെ ഏടുകൾ വായിക്കുവാൻ നമ്മൾ പ്രാപ്തരാണോ?

# മോസ്കോ സമാധാന സമ്മേളനത്തിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പങ്കെടുക്കും

**മോസ്കോ:** ലോകസമാധാനവും മൈത്രിയും ലക്ഷ്യമിട്ട് റഷ്യൻ പാർലമെന്റായ ഡ്യൂമയിൽ ജനുവരി 25 വ്യാഴാഴ്ച നടക്കുന്ന സമാധാനസമ്മേളനത്തിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതസ്വി പങ്കെടുക്കും. സമ്മേളനത്തിൽ വെച്ച് റഷ്യൻ പാർലമെന്റ് ഡെപ്യൂട്ടി സ്പീക്കർ ആന്റൺ സിൻസോവ് സ്വാമിയെ ആദരിക്കും. അന്താരാഷ്ട്ര നയതന്ത്ര സംഘടനയായ ആമിക്കബിലിറ്റി, അന്താരാഷ്ട്ര ജീവകാരുണ്യ സംഘടനയായലൈറ്റ് ഓഫ് ട്രാൻസ്ഫർമേഷനും സംയുക്തമായിട്ടാണ് ഈസമ്മേളനം സംഘടിപ്പിക്കുന്നത്. ലോകമെമ്പാടും നിന്നുള്ള വിവിധ ആത്മീയ നേതാക്കളും ജീവകാരുണ്യസംഘടനാ പ്രതിനിധികളും ചിന്തകരും ഈസമ്മേളനത്തിൽ സംബന്ധിക്കും.

സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വിയും സ്വാമിയെ അനുഗമിക്കുന്നുണ്ട്

# ശാന്തിമഹിമയുടെ വിദ്യാഭ്യാസ സെമിനാർ ജനുവരി 30 ന് കണ്ണൂരിൽ

**കണ്ണൂർ:** പൂജിതപീഠം സമർപ്പണം ആഘോഷത്തോടനുബന്ധിച്ച് ശാന്തിഗിരി ശാന്തിമഹിമയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിദ്യാഭ്യാസ സെമിനാർ ജനുവരി 30 ചൊവ്വാഴ്ച ഏച്ചൂർ നളന്ദ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. രാവിലെ പത്തു മണിക്ക് ആരംഭിക്കുന്ന വിദ്യാഭ്യാസ സെമിനാറിൽ റിട്ട. ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ് സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തും.



*ഷഷ്ഠിപൂർത്തിയിലെത്തിയ കെ. സരോജിനിയമ്മയ്ക്ക് സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി ഉപഹാരം നല്കുന്നു*

# ബത്തേരി ആശ്രമം ബ്രാഞ്ച് വാർഷികം ഇന്ന്

**സുൽത്താൻ ബത്തേരി (വയനാട്):** ശാന്തിഗിരി ആശ്രമം, സുൽത്താൻ ബത്തേരി ബ്രാഞ്ചിന്റെ 42-ാമത് വാർഷികം ഇന്ന് (2018 ജനുവരി 21) പ്രാർത്ഥനാസങ്കല്പങ്ങളോടെ സമുചിതമായി ആഘോഷിക്കും. രാവിലെ മുതൽ ആരാധനയും സങ്കല്പപ്രാർത്ഥനയും പുഷ്പസമർപ്പണവും ഗുരുപാദവന്ദനവും നടക്കും. രാവിലെ 11 മണിക്ക് നടക്കുന്ന വാർഷിക സമ്മേളനത്തിൽ ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിക്കും. ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ. സമ്മേളനം ഉദ്ഘാടനം ചെയ്യും. വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി. ഉഷാകുമാരി മുഖ്യപ്രഭാഷണം നടത്തും. സ്വാമി തനിമോഹനൻ ജ്ഞാനതപസ്വി, നെന്മേനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. കറപ്പൻ തുടങ്ങിയവർ സംസാരിക്കും. ചടങ്ങിൽ മികച്ച കർഷകരായ പി. കെ. കുമാരൻ, ഷാജി എൻ.എം. എന്നിവരെ ആദരിക്കും.

കോഴിക്കോട് ജില്ലയുടെ ഭാഗമായിരുന്ന വയനാട്, എഴുപതുകളുടെ പകുതിയോടെ ഗുരുവിന്റെ പാദസ്പർശത്താൽ ധന്യമായി. പുരോഗമനം തീരെ കടന്നുവന്നിട്ടില്ലാത്ത അതിർത്തി ഗ്രാമമായ ചീരാലിൽ നിന്നും വയൽവരമ്പുകളിലൂടെ നടന്നായിരുന്നു ഗുരു അന്ന് അവിടെ എത്തിച്ചേർന്നിരുന്നത്. 1978 ലെ വിജയദശമിനാളിലാണ് നമ്മുടെ എല്ലാമായ ഗുരു ബത്തേരിയിലെ പ്രാർത്ഥനാലയത്തിന് തിരി തെളിയിച്ചത്. മൂന്ന് സംസ്ഥാനങ്ങളുടെ സംഗമഭൂമിയായ നെന്മേനി പഞ്ചായത്തിൽ ശാന്തിഗിരി ആശ്രമം ബ്രാഞ്ച് പ്രവർത്തനം ആരംഭിച്ചു. ബത്തേരി ശാന്തിഗിരി ആശ്രമം ബ്രാഞ്ച് കഴിഞ്ഞ നാല് പതിറ്റാണ്ടിലേറെക്കാലമായി ഈ മലയോര മേഖലയിൽ നിരവധി ജീവകാരുണ്യപ്രവർത്തനങ്ങളും ജനോപകാരപ്രദമായ പദ്ധതികളും നടത്തിവരുന്നു. 2005 ജൂൺ 22 ന് പുതിയ പ്രാർത്ഥനാലയത്തിൽ അഭിവന്ദ്യ ശിഷ്യപൂജിത പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു. ഗുരുവിന്റെ ആശയത്തിലധിഷ്ഠിതമായി, വിശ്വനവോത്ഥാനത്തിന്റെ നവസന്ദേശം ലോകത്തുടനീളം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിൽ വയനാട്ടിലെ ജനങ്ങളും ജാതിമതഭേദമെന്യേ പങ്കാളികളായി രംഗത്തുണ്ട്.



*ശാന്തിഗിരി വിദ്യാഭവനിൽ സംഘടിപ്പിച്ച ഭക്ഷ്യമേള*



*ശാന്തിഗിരി വിദ്യാഭവനിൽ സംഘടിപ്പിച്ച തീം ഓഫ് ദി വീക്ക് പ്രോഗ്രാമിൽ നിന്ന്*

# പ്രകൃതിയുടെ കലവറ ഒരുക്കി ശാന്തിഗിരി വിദ്യാഭവൻ ഭക്ഷ്യമേള

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിച്ച ഭക്ഷ്യമേള ശ്രദ്ധേയമായി. 'വരൂ, നമുക്ക് പ്രകൃതിയിലേക്ക് മടങ്ങാം' എന്ന പേരിൽ ജൈവ പച്ചക്കറിയും പരമ്പരാഗത ഭക്ഷണശീലത്തെയും പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ ആരോഗ്യകരമായ ജീവിതം സാധ്യമാക്കുന്നതിനും വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും അവബോധം നല്കുക എന്ന ലക്ഷ്യത്തോടെയാണ് ജനുവരി 19ന് ഭക്ഷ്യമേള നടത്തിയത്.

ധാന്യങ്ങൾ, കിഴങ്ങുവർഗങ്ങൾ, ഇലക്കറികൾ, വാഴക്കൂമ്പ്, വാഴപ്പിണ്ടി എന്നിവ കൊണ്ടുള്ള വിഭവങ്ങൾ ഭക്ഷ്യമേളയിൽ ഉണ്ടായിരുന്നു. കൂടാതെ ഭക്ഷ്യവിഭവങ്ങളുടെ പ്രദർശനവും വില്പനയും വിവിധയിനം ഔഷധസസ്യങ്ങളുടെ പ്രദർശനവും നടന്നു. ഭക്ഷ്യമേളയിലൂടെ കുട്ടികൾക്ക് പരിചിതമല്ലാത്ത പല ഭക്ഷ്യവിഭവങ്ങളും അവയുടെ ഉപയോഗവും ഗുണങ്ങളും മനസിലാക്കാൻ കഴിഞ്ഞതായി പരിപാടിക്ക് മേൽനോട്ടം വഹിച്ച അദ്ധ്യാപകർ അറിയിച്ചു.

# ശാന്തിഗിരി ഹെർബൽകെയർ യൂണിറ്റ്

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ ഹെർബൽ കെയർ യൂണിറ്റ് ആരംഭിച്ചു. സുലഭ് ഇന്ത്യ പദ്ധതിയുടെ ഭാഗമായി തുടങ്ങിയ ഈ യൂണിറ്റിൽ സ്ത്രീകൾക്കുള്ള സാനിട്ടറി നാപ്കിൻ നിർമ്മാണം പുതിയതായി ആരംഭിച്ചിട്ടുണ്ട്. പ്രമുഖ സാമൂഹിക പ്രവർത്തകനും സുലഭ് ഇന്റർനാഷണലിന്റെ സ്ഥാപകനുമായ ഡോ. ബിന്ദേശ്വർ പഥക് ആണ് യൂണിറ്റിനുള്ള മെഷീൻ സൗജന്യമായി നല്കിയത്. മാതൃമണ്ഡലം പ്രതിനിധികൾക്ക് ന്യൂഡെൽഹിയിൽ വച്ച് സുലഭ് ഇന്റർനാഷണൽ ഫൗണ്ടേഷൻ പ്രവർത്തന പരിശീലനം നല്കിയിരുന്നു. ഹെർബൽ കെയർ യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം ജനുവരി 18 വ്യാഴാഴ്ച ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ട്മെന്റ് ഹെഡ് സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി നിർവഹിച്ചു. ആദരണീയ ജനനി പ്രമീള ജ്ഞാനതപസ്വിനി, മാതൃമണ്ഡലം ഗവേണിംഗ് കമ്മിറ്റി ചുമതലക്കാർ എന്നിവരും സംബന്ധിച്ചു.



*ഹെർബൽയൂണിറ്റ് ഉദ്ഘാടനം ജനനി സുപഥ ജ്ഞാനതപസ്വിനി നിർവഹിക്കുന്നു. ജനനി പ്രമീള ജ്ഞാനതപസ്വിനി സമീപം.*



*ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്ന് ആശ്രമം നൈപുണ്യ വികസന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ന്യൂഡെൽഹിയിൽ വച്ച് ഒപ്പുവച്ചപ്പോൾ*

# പൂജിതപീഠം സമർപ്പണം : ഗൃഹസന്ദർശന പരിപാടി



കെ. ശശിധരനും കുടുംബവും - സ്നേഹപുരം യൂണിറ്റ്



ഡി. പ്രസന്നനും കുടുംബവും- പാലോട്ടുകോണം യൂണിറ്റ്



ആർ. അനിൽപ്രദീപും കുടുംബവും - ശാന്തിഗിരി ജംഗ്ഷൻ



ജി. ക്ഷേമചന്ദ്രനും കുടുംബവും - സ്നേഹപുരം യൂണിറ്റ്



കെ. സുരേന്ദ്രനും കുടുംബവും - ശാന്തിഗിരി ജംഗ്ഷൻ



പി. പ്രകാശനും കുടുംബവും - കരുണപുരം യൂണിറ്റ്



കെ. ഷാജിയും കുടുംബവും - ശാന്തിപുരം യൂണിറ്റ്



സി.ബി. ബേബിയമ്മയും കുടുംബവും - രത്നഗിരി യൂണിറ്റ്



റ്റി.എസ്. മുകുന്ദനും കുടുംബവും - പോത്തൻകോട് യൂണിറ്റ്



സി.കെ. ബിജുമോനും കുടുംബവും - ജനസേവികപുരം യൂണിറ്റ്

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini Editor: T. Sasimohan Senior Co-ordinating Editor: Anil Cherthala